# കുട്ടികൾക്കായുള്ള ബൈബിൾ

## അവതരണം

# ദാനിയേലും മർമ്മ സ്വപ്നവും



എഴുതിയത് : Edward Hughes
ഉദാഹരണം : Jonathan Hay
അംഗികരിച്ചത് : Mary-Anne S.
തർജ്ജിമ ചെയുതത് : Rev. Benny
നിർമ്മിച്ചത് : Bible for Children
www.M1914.org

BFC
PO Box 3
Winnipeg, MB R3C 2G1
Canada

©2015 Bible for Children, Inc.
കോപ്പിചെയുവാനും മുദ്രണം ചെയുവാനും അധികാരം ഉണ്ട്.
ഒരിക്കലും വിൽക്കരുത്.

നെബുഖദ്നേസർ രാജാവ് ഒരു സ്വപ്നം കണ്ടു, അത് അവനെ വല്ലാത്ത പ്രയാസത്തിലാക്കി. ദൈവത്തിന്റെ ശക്തിയാൽ രാജാവിന്റെ സ്വപ്നത്തിന്റെ അർഥം പറഞ്ഞുകൊടുക്കുവാൻ ദാനിയേലിന് സാധിച്ചു.





ആ സ്വപ്നം വ്യക്തമായി
വിശദീകരിക്കുകയാണ്
ദാനിയേൽ ആദ്യം
ചെയ്തത്. “അല്ലയോ
രാജാവേ, താങ്കൾ ഒരു
വലിയ പ്രതിമയുടെ
മഹത്തരമായ രൂപമാണ്
കണ്ടത്. അത്
ഭയങ്കരമായിരുന്നു!”

“പ്രതിമയുടെ തല തങ്കംകൊണ്ട് ഉണ്ടാക്കിയതാണ്” ദാനിയേൽ തുടർന്നു.



“അതിന്റെ നെഞ്ചും കൈയും വെള്ളികൊണ്ടാണ് ഉണ്ടാക്കിയിരിക്കുന്നത്.”



“അതിന്റെ ഉടലും തുടയും താമ്രംകൊണ്ടാണ്
ഉണ്ടാക്കിയിരിക്കുന്നത്.”



“കാല് ഇരുമ്പുകൊണ്ടും പാദങ്ങൾ പകുതി ഇരുമ്പും പകുതി കളിമണ്ണുകൊണ്ടും ഉണ്ടാക്കിയിരിക്കുന്നു.”



പ്രതിമയെക്കുറിച്ച് രാജാവിനോട് വിശദീകരിച്ചശേഷം,
ദാനിയേൽ സ്വപ്നത്തിന്റെ ബാക്കിഭാഗം പറഞ്ഞു.



“രാജാവ് നോക്കിക്കൊണ്ടു നില്ക്കുമ്പോൾ കൈ തൊടാതെ ഒരു കല്ല് പറിഞ്ഞുവരുന്നു” എന്ന് ദാനിയേൽ രാജാവിനോട് പറഞ്ഞു.



“ആ കല്ല് ബിംബത്തിന്റെ ഇരിമ്പും കളിമണ്ണും കൊണ്ടുള്ള കാലിൽ അടിച്ചു തകർത്തുകളഞ്ഞു. അത് കഷണങ്ങളായി തകർന്നു.”



“ബിംബം പൊടിയായി തകർക്കപ്പെടുകയും പറന്നുപോകയും ചെയ്തു”. ദാനിയേൽ ഒന്നു നിർത്തി. “ആ കല്ല് ഒരു മഹാ പർവതമായിത്തീർന്നു ഭൂമിയിൽ ഒക്കെയും നിറഞ്ഞു.”



രാജാവ് ആശ്ചര്യഭരിതനായി. അവൻ യഥാർത്ഥത്തിൽ സ്വപ്നം കണ്ടത് ഇതു തന്നെയായിരുന്നു! ദാനിയേൽ അത് എങ്ങനെ അറിഞ്ഞു. ദൈവം ദാനിയേലിനോട് പറഞ്ഞതുകൊണ്ടുമാത്രം. പിന്നെ ദാനിയേൽ സ്വപ്നത്തിന്റെ അർത്ഥം നെബുഖദ്നേസർ രാജാവിനോട് പറയുവാൻ തുടങ്ങി.



“സ്വർഗത്തിലെ ദൈവം നിനക്ക് രാജത്വവും ശക്തിയും അധികാരവും മഹത്വവും നൽകിയിരിക്കുന്നു.” ദാനിയേൽ രാജാവിനോട് പറഞ്ഞു. “തങ്കം കൊണ്ടുള്ള ആ തല നീയാണ്.”



തന്റെ സ്വർണരാജത്വം
അവസാനിക്കുമെന്ന്
ദാനിയേൽ രാജാവിനോട്
പറഞ്ഞു.
ബിംബത്തിന്റെ
വെള്ളികൊണ്ടുള്ള
ഭാഗം
അർഥമാക്കുന്നത്
ഒരു ബലഹീന
രാജത്വം
നിലവിൽ
വരുമെന്നാണ്.



താമ്രം കാണിക്കുന്നത്
മറ്റൊരു രാജത്വം ആണ്.
ഇരിമ്പും കളിമണ്ണും
കാണിക്കുന്നത്
നാലാമത് ഒരു
രാജത്വത്തെയാണ്.



ദാനിയേൽ രാജാവിനോട് പറഞ്ഞ ഒടുവിലത്തെ വസ്തുത ഇതായിരുന്നു. “ഒരിക്കലും
നശിക്കപ്പെടാത്ത
ഒരു രാജത്വം
സ്വർഗത്തിലെ
ദൈവം
പണിയും.”



തന്റെ സ്വപ്നം മനസിലാക്കുവാനും അറിയുവാനും വേണ്ട ജ്ഞാനം ദാനിയേലിന് നല്കുവാൻ ദൈവത്തിനു മാത്രമേ കഴിയുകയുള്ളൂ എന്ന് രാജാവ് തിരിച്ചറിഞ്ഞു.

നെബൂഖദ്നേസർ ദാനിയേലിന് ധനം പ്രതിഫലമായി കൊടുക്കയും തന്റെ രാജ്യത്തിലെ ഒരു പ്രധാനപ്പെട്ട വ്യക്തിയാക്കിത്തീർക്കയും ചെയ്തു.





ഒന്നും
രണ്ടും
മൂന്നും
രാജത്വങ്ങൾ
വരികയും
പോകയും ചെയ്യും.

നാലാമത്തെ
രാജത്വത്തിനുശേഷമാ
ണ്
ദൈവത്തിന്റെ
രാജത്വം
വരുന്നത്.
മശിഹ
ഭൂമിയിൽ
വാഴും. അത്
അതിവേഗം
സംഭവിക്കും.

ദാനിയേലും മർമ്മ സ്വപ്നവും

ദൈവവചനത്തിൽ നിന്നും ഒരു കഥ.

ബൈബിളിൽ നിന്നുംഎടുത്തത്.

ദാനിയേൽ രണ്ട

"നിങ്ങളുടെ പ്രവേശന വാക്ക് വെളിച്ചം പകരട്ടെ."
സങ്കിർത്തനം 119:130

# അവസാനം

32

60

അദ്ഭുദവനായ ദൈവം നമ്മളെ സൃഷ്ടിച്ചുവെന്നും
നാം ദൈവത്തെ അറിയണമെന്നും ബൈബിൾ പറയുന്നു.

നാം തെറ്റുകാർ ആണെന്ന് ദൈവത്തിനറിയാം അതിനെ പാപമെന്ന് വിളിക്കുന്നു
പാപത്തിനുള്ള ശിക്ഷ മരണമാണ് .എന്നാൽ ദൈവം നമ്മളെ സ്നേഹിച്ചതുകൊണ്ട്
തന്റെ മകനായ യേശുവിനെ നമ്മുടെ പാപങ്ങൾക്ക് വേണ്ടി ക്രൂശിൽ മരിക്കേണ്ടതിന്
ഈ ലോകത്തിലേക്ക് അയച്ചു യേശു മരണത്തിൽനിന്നും ഉയിർത്തെഴുന്നേറ്റു
സ്വർഗ്ഗത്തിൽ പോയി. യേശുവിൽ വിശ്വസിക്കുകയും. നമ്മുടെ പാപങ്ങൾ
ഏറ്റുപറയുകയും ചെയ്താൽ നമ്മുടെ പാപങ്ങളെ ക്ഷമിച്ച് യേശു നമ്മുടെ ഹൃദയത്തിൽ
വസിക്കുകയും നാം അവനിലും നിരന്തരം വസിക്കുകയും ചെയ്യും.

ഇത് നിങ്ങൾ വിശ്വസിക്കുന്നു എങ്കിൽ ദൈവത്തോട് ഈപ്രകാരം പറയുക

പ്രിയ യേശുവേ നീ ദൈവമാണെന്നു ഞാൻ വിശ്വസിക്കുന്നു, എന്റെ പാപങ്ങൾക്കായി
മരിപ്പാൻ മനുഷ്യനായി നീ വന്നു. നീ ഇപ്പോഴും ജീവിക്കുന്നു എന്റെ ഹൃദയത്തിലേക്ക്
വന്നു എന്റെ പാപങ്ങൾ ക്ഷമിക്കേണമേ എനിക്ക് പുതിയൊരു ജീവിതം തരേണമേ.
ഒരു ദിവസം നിന്നോട് കൂടെ ഞാൻ നിരന്തരം ആയിരിക്കും നിനക്ക് വേണ്ടി
ജീവിപ്പാനും, അനുസരിപ്പാനും നിന്റെ മകനായിരിപ്പനും സഹായിക്കേണമേ,
ആമേൻ.

എല്ലാദിവസവും ബൈബിൾ വായിക്കുകയും ദൈവത്തോട് സംസാരിക്കുകയും
ചെയുക. യോഹന്നാൻ 3:16